<u>പത്രക്കുറിപ്പ്</u>

ഒരു കിലോവാട്ട് നിലയശേഷിയുള്ള സൗരനിലയങ്ങൾ സബ്സിഡിയോടുകൂടി സ്ഥാപിക്കാൻ താത്പര്യമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഇപ്പോൾ അപേക്ഷിക്കാം. 56065 രൂപയാണ് ടെന്റർ മുഖേന കണ്ടെത്തിയ നിലയത്തിന്റെ വില. ഇതിൽ 40% സബ്സിഡി കുറച്ച് 33639 രൂപ ഉപഭോക്താവ് കമ്പനിയ്ക്ക് നൽകിയാൽ മതി. ബിംഗാസ് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആന്റ് സോളാർ സിസ്റ്റംസ് എന്ന കമ്പനിയാണ് നിലയങ്ങൾ സ്ഥാപിച്ചു നൽകുന്നത്. 250 കിലോവാട്ട് ശേഷിയാണ് സൗര പദ്ധതിയുടെ ഭാഗമായി വിളിച്ച ടെന്ററിൽ ഈ കമ്പനി കരാർ പ്രകാരം നൽകുന്നതെന്നതിനാൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് മാത്രമാവും നിലയം ലഭ്യമാവുക. ekiran.kseb.in എന്ന വെബ് സൈറ്റ് മുഖേനയാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് കമ്പനിയുമായി ബന്ധപ്പെട്ട് സംശയ നിവാരണം നടത്തേണ്ടതാണ്. വിളിക്കേണ്ട നമ്പർ - 9495028803/9846714038